No. CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

# കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ-2018

## അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി

2018 ഏപ്രിൽ 23, 24 തീയതികളിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും, മുംബൈ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **2018 ഏപ്രിൽ 10-ാം തീയതി** മുതൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **KEAM 2018-Candidate Portal** എന്ന ലിങ്ക് വഴി ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അപേക്ഷകർ അവരുടെ അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകരുടെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അഡ്മിറ്റ് കാർഡുകൾ പരീക്ഷാ ഹാളിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. **വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമാണ്.** മെഡിക്കൽ, ആർക്കിടെക്ചർ കോഴ്സുകൾക്ക് മാത്രമായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിറ്റ് കാർഡ് ലഭ്യമല്ല. എന്നാൽ അവർക്ക് പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്‌ലോഡ് ചെയ്ത ഫോട്ടോഗ്രാഫ്, ഒപ്പ്, ഇടതു കൈ തള്ളവിരലടയാളം എന്നിവയിൽ അപാകമുള്ള അപേക്ഷകരുടെയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയിട്ടില്ല. അപേക്ഷാ ഫീസ്, ദുബായ് സെന്റർ ഫീസ് എന്നിവയുടെ ബാക്കി തുക അടയ്ക്കാനുള്ള അപേക്ഷകർ ഈ തുക ഓൺലൈനായി അടയ്ക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതാണ്. മറ്റുള്ളവർ ന്യൂനതകൾ ഇല്ലാത്ത ഫോട്ടോഗ്രാഫ്, ഒപ്പ്, ഇടതു കൈ തള്ളവിരലടയാളം എന്നിവ **2018 ഏപ്രിൽ 13-ാം തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** അതത് ലിങ്ക് വഴി അപ്‌ലോഡ് ചെയ്ത് അപാകങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

സമർപ്പിച്ച അപേക്ഷയിൽ മറ്റ് ന്യൂനതകൾ ഉള്ള അപേക്ഷകർ പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അപേക്ഷയിലെ ന്യൂനതകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അവ പരിഹരിക്കുന്നതിന് സമർപ്പിക്കേണ്ട പ്രൊഫോർമയുടേയും പ്രിന്റൗട്ടുകൾ പ്രൊഫൈൽ പേജിൽ നൽകിയിട്ടുള്ള ലിങ്ക് വഴി ലഭിക്കുന്നതാണ്. അപേക്ഷാ സംബന്ധമായ ന്യൂനതകൾ ഉള്ളവർ അവ പരിഹരിക്കുന്നതിനുള്ള രേഖകൾ മെമ്മോയുടെ ഒരു പകർപ്പുകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് **2018 ഏപ്രിൽ 17-ാം തീയതി വൈകുന്നേരം 5 മണിയ്ക്കകം** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ഫാക്സ്/ഇ-മെയിൽ മുഖാന്തിരം അയച്ചു തരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ നൽകിയിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, സംവരണം/മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ദൃശ്യമാകുന്നതാണ്. അപേക്ഷാ സമർപ്പണവേളയിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവയിൽ തിരുത്ത് ആവശ്യമുള്ളവർക്ക് പ്രൊഫൈൽ പേജിൽ നൽകിയിട്ടുള്ള **Edit Contact Details** എന്ന മെനു ഐറ്റം വഴി ഒറ്റത്തവണ അവ തിരുത്തുന്നതിനും സൗകര്യം ലഭ്യമാണ്.

അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ ദൃശ്യമായ വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ആയത് തെളിയിക്കുന്നതിനുള്ള അനുബന്ധ രേഖകൾ സഹിതം **2018 ഏപ്രിൽ 17 വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ കാൻഡിഡേറ്റ് പോർട്ടലിൽ നൽകിയിട്ടുള്ള **Forgot Application Number** എന്ന ലിങ്കിൽ നിന്ന് പേരും, മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471- 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
09.04.2018

Santhosh Kumar

പ്രവേശന പരീക്ഷാ കമ്മീഷണർ